"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നതവിദ്യാഭ്യാസം - സംസ്ഥാനത്തെ റൂസ / പി.എം. ഉഷ പദ്ധതി - 2025-26 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും എസ്.എൻ.എ. സ്പർശ് സിസ്റ്റം മുഖേന തുക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**ഉന്നതവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.552/2025/HEDN   തീയതി,തിരുവനന്തപുരം, 06-05-2025

---

പരാമർശം:-

1) സ.ഉ.(സാധാ)നം.112/2025/HEDN, തീയതി 23.01.2025.
2) കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ 21.04.2025 ലെ 24-4/2025 യു.പോളിസി നമ്പർ കത്ത്.
3) റൂസ സ്റ്റേറ്റ് പ്രോജക്ട് കോ-ഓർഡിനേറ്ററുടെ 24.04.2025 ലെ A1/48/2025/RUSA-SPD നമ്പർ കത്ത്.
4) സ.ഉ.(സാധാ)നം.4009/2025/ധന തീയതി 02.05.2025.

**<u>ഉത്തരവ്</u>**

2025-26 സാമ്പത്തിക വർഷം "2202-03-103-57 (01) Plan" എന്ന ശീർഷകത്തിൽ കേന്ദ്ര വിഹിതമായി 45 കോടി രൂപയും "2202-03-103-57 (02) Plan" എന്ന ശീർഷകത്തിൽ സംസ്ഥാന വിഹിതമായി 30 കോടി രൂപയും റൂസ പദ്ധതിയ്ക്കായി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

2. എസ്.എൻ.എ. സ്പർശ് സിസ്റ്റം മുഖേന സംസ്ഥാനത്തെ റൂസ / പി.എം. ഉഷ പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിൽ നിന്നും ടോക്കൺ മദർ സാങ്ഷനിലൂടെ 60 ശതമാനം കേന്ദ്ര വിഹിതമായി 9,80,00,000/- രൂപയും എം.എം.ഇ.ആർ. കമ്പോണന്റിന് 100 ശതമാനം കേന്ദ്ര വിഹിതമായി 20,00,000/- രൂപയും പരാമർശം 2 പ്രകാരം അനുവദിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കേന്ദ്ര വിഹിതത്തിന്റെ ആനുപാതികമായ തുകയും (60 : 40 എന്ന ക്രമത്തിൽ) പരാമർശം 4 പ്രകാരമുള്ള സർക്കാർ ഉത്തരവിൽ പരാമർശിക്കും പ്രകാരം ധനപുനർവിനിയോഗത്തിലൂടെ ബന്ധപ്പെട്ട ശീർഷകങ്ങളിലേയ്ക്ക് വകയിരുത്തിയ 3,57,29,000/- രൂപയും (മൂന്നു കോടി അൻപത്തിയേഴ് ലക്ഷത്തി ഇരുപത്തിയൊൻപതിനായിരം രൂപ മാത്രം) ഉൾപ്പെടെ മൊത്തം 16,53,34,000 രൂപ (പതിനാറു കോടി അൻപത്തിമൂന്ന് ലക്ഷത്തി മുപ്പത്തിനാലായിരം രൂപ മാത്രം) ചുവടെ കൊടുത്തിരിക്കുംപ്രകാരമുള്ള ശീർഷകങ്ങളിൽ നിന്നും റൂസ / പി.എം. ഉഷ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുവേണ്ടി അനുവദിച്ച് ഉത്തരവാകുന്നു :

| State Budget Head | Central Share | State Share |
|---|---|---|
| 2202-03-103-57(02) 60:40 | | 12,96,05,000 |
| 2202-03-789-96 (02) | | 2,15,60,000 |
| | | |

| | | |
|---|---|---|
| 2202-03-796-96 (02) | | 1,21,69,000 |
| **Total** | | **16,33,34,000** |
| 2202-03-103-44 (01) 100% CSS | 15,87,000 | |
| 2202-03-789-95 (01) 100% CSS | 2,64,000 | |
| 2202-03-796-95 (01) 100% CSS | 1,49,000 | |
| **Total** | **20,00,000** | |
| GRAND TOTAL | 16,53,34,000 | |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കമാർ.വി.എസ്.
അഡിഷണൽ സെക്രട്ടറി

1. സ്റ്റേറ്റ് പ്രോജക്റ്റ് കോ-ഓർഡിനേറ്റർ, റൂസ, തിരുവനന്തപുരം.
2. ഫിനാൻസ് ഓഫീസർ, റൂസ, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരള, തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ്. (EDN-C2/108/2025-FIN dated 03.05.2025)
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി. (HEDN-B1/111/2025-HEDN)

ഉത്തരവിൻ പ്രകാരം
Signed by
Geetha Lekshmi. G
Date: 06-05-2025 12:09:36
സെക്ഷൻ ഓഫീസർ